# കണ്ണുനീർത്തുള്ളി

താരകൾ മിഴിയട-
ച്ചുറങ്ങും നിശീഥത്തിൽ
താരുകൾ തളർന്നു വീ-
ണുറങ്ങും വനഭൂവിൽ

ഒരു വേഴാമ്പൽപ്പിട
പോലെയീ മണ്ണിൻ ദാഹം
കനിവിന്നുറവുകൾ
നോക്കിയുൻമുഖം നിൽക്കേ



- jalin

മന്നിന്റെ ഘനീഭൂത
ദുഃഖമായൊരു കൊച്ചു
കണ്ണുനീർ മുത്തായ് ഞാനീ
മരുഭൂമിയിൽ വീണു.

മണിവീണകൾ മീട്ടി–
പ്പാടുവാൻ, മുളന്തണ്ടി–
ലുണരും മനോഹര
ഗാനമായ് പ്പിറക്കുവാൻ

ഇന്നലെ, യുഷഃക്കാല–
വായുവിൽ നീരാവിയാ–
യുന്നത നഭസ്ഥല–
ത്തിങ്കലേയ്ക്കുയർന്നു ഞാൻ.

താമരയിതളുകൾ
കൂമ്പി നിന്നപ്പോൾ, മൂക
വേദന മുരളുന്ന
മേഘമായിതു വഴി

ഏകനായലഞ്ഞപ്പോൾ,
പൊള്ളുമീ മണലിന്റെ
ദാഹമെന്താണെന്നാദ്യ–
മായി ഞാനറിഞ്ഞപ്പോൾ

മന്നിന്റെ ഘനീഭൂത–
ദുഃഖമായൊരു കൊച്ചു
കണ്ണുനീർ മുത്തായ് ഞാനീ
മരുഭൂമിയിൽ വീണു. 1964

മംഗളോദയം മാസിക